# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **6065** | **07.07.2014**-ലെ മറുപടിക്ക്

## പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിക്കുന്നതിനുള്ള പെർമിസീവ് സാംഗ്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ പഞ്ചായത്തുകളിൽ ഫണ്ട് ഉപയോഗിക്കുന്നതിന് നൽകിയ പെർമിസീവ് സാംഗ്ഷൻ എത്ര ; വിശദമാക്കാമോ ; <br><br> ബി) ഓരോ പഞ്ചായത്തിലും ഏതെല്ലാം ആവശ്യത്തിനാണ് പെർമിസീവ് സാംഗ്ഷൻ നൽകിയത് എന്നത് ഉത്തരവുകളുടെ പകർപ്പ് സഹിതം വിശദമായി വ്യക്തമാക്കാമോ ? | എ) & ബി) <br><br> ലഭ്യമായ രേഖകൾ പ്രകാരം 2014 ജൂൺ 30 വരെ 289 സാംഗ്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിൽ നടക്കുന്ന വിവിധ ഉദ്ഘാടന പരിപാടികൾ, ഉത്സവങ്ങൾ, യുവജനോത്സവങ്ങൾ, കേരളോത്സവങ്ങൾ, സർക്കാർ പദ്ധതികളുടെ പ്രഖ്യാപനം, സമ്മേളനങ്ങൾ, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ, പ്രേരക്മാരുടെ ഹോണറേറിയം, മഴക്കാല ദുരിതം നേരിടുന്നതിന്, തുടങ്ങിയുള്ള പൊതു ആവശ്യങ്ങളുടെ ചെലവിനായിട്ടാണ് സാങ്ഷൻ നൽകിയത്. മേൽപ്പറഞ്ഞവയിൽ ഒന്നു രണ്ടിനങ്ങളിൽ നൽകിയ മൂന്ന് ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ 2014 - രണ്ടാം ഘട്ടം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **426**/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15.02.2014.

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.02.2014-ലെ യു.ഐ.പി1/90639/13/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

2014 ഫെബ്രുവരി 23-ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ രണ്ടാം ഘട്ടം പ്രോഗ്രാമിന് ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ മുതലായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും ഗ്രാമ പഞ്ചായത്തിനുള്ള ധനസഹായം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർക്കും, മുൻസിപ്പാലിറ്റി - കോർപ്പറേഷനുകൾക്കുള്ള ധനസഹായം ബന്ധപ്പെട്ട താലൂക്ക് / ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നേരിട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014 ഫെബ്രുവരി 23-ന് നടക്കുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് **ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും മുൻസിപ്പാലിറ്റികൾ 5,000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും കോർപ്പറേഷനുകൾ 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും** അവരുടെ തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ / താലൂക്ക് / ജില്ല / ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത മെഡിക്കൽ ഓഫീസർമാർ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുൻസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടൂർ ഗ്രാമ പഞ്ചായത്ത് - സുവർണ്ണ ജൂബിലി ആഘോഷം 2013 - വിവിധ പരിപാടികളുടെ ചെലവിനായി ₹ 1,25,000/- തനത് ഫണ്ടിൽ നിന്നും ചെലവാക്കാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **3008**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06/12/2013.

---

പരാമർശം:- 1) കോട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 11.11.2013-ലെ കത്ത്.
2) സ.ഉ.(എം.എസ്.) 58/06/ത.സ്വ.ഭ.വ. തീയതി: 16.02.2006.

**ഉത്തരവ്**

കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം 2013-ന്റെ വിവിധ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി നൽകണമെന്ന അഭ്യർത്ഥനയാണ് പരാമർശം (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം 2013-ന്റെ വിവിധ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി **കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1,25,000/- രൂപ** (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും ചെലവ് പരിധിയും കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡണ്ട് / സെക്രട്ടറി, കോട്ടൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് - 673614.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.&എ), കേരള, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

സെക്ഷൻ ഓഫീസർ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചമ്പക്കുളം മൂലം വള്ളംകളി-13 പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം.**1364**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24.05.2013.

പരാമർശം:-
1. ചമ്പക്കുളം മൂലം ജലോത്സവ സമിതി ജനറൽ കൺവീനറുടെ 25.04.2013-ലെ കത്ത്.
2. സ.ഉ.(കൈയ്യെഴുത്ത്) 58/2006 തീയതി: 16.02.2006.

**ഉത്തരവ്**

2013 ജൂൺ 3-ാം തീയതി നടക്കുന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ നടത്തിപ്പിനായി നെടുമുടി, ചമ്പക്കുളം, അമ്പലപ്പുഴ, കൈനകരി, തകഴി, എടത്വാ, തലവടി, പുളിങ്കുന്ന്, കാവാലം, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് സർക്കാർ അനുമതി അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് പരാമർശത്തിലെ കത്ത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013 ജൂൺ 3-ന് നടക്കുന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ നടത്തിപ്പിനായി നെടുമുടി, ചമ്പക്കുളം, അമ്പലപ്പുഴ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി ₹ 25,000/- **(ഇരുപത്തി അയ്യായിരം രൂപ) വീതവും** കൈനകരി, തകഴി, എടത്വാ, തലവടി, പുളിങ്കുന്ന്, കാവാലം, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി ₹ 20,000/- **(ഇരുപതിനായിരം രൂപ മാത്രം)** വീതവും തനതു ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചമ്പക്കുളം മൂലം ജലോത്സവ സമിതി ജനറൽ കൺവീനർ സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)<br>
എം.ഷാഹുൽ ഹമീദ്,<br>
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.<br>
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പകർപ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)<br>
ജനറൽ കൺവീനർ & തഹസിൽദാർ, കുട്ടനാട്, ആലപ്പുഴ.<br>
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.<br>
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊച്ചി.<br>
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.<br>
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,<br>
സെക്ഷൻ ഓഫീസർ.